(ബി)

| | | |
|---|---|---|
| ഡെപ്യൂട്ടി കളക്ടർ | - | 15 |
| തഹസിൽദാർ/സീനിയർ സൂപ്രണ്ട് | - | 30 |
| ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് | | 28 |
| ഹെഡ് ക്ലാർക്ക്/വില്ലേജ് ഓഫീസർ/ആർ.ഐ | | 66 |
| യു.ഡി.ക്ലാർക്ക്/എസ്.വി.എ. | - | 39 |
| എൽ.ഡി.ക്ലാർക്ക്/വി.എ. | - | 119 |
| ടൈപ്പിസ്റ്റ്-ക്ലാർക്ക് | - | 2 |
| ഫെയർ കോപ്പി സൂപ്രണ്ട് | - | 1 |
| എൽ.ഡി./യു.ഡി. ടൈപ്പിസ്റ്റ് | - | 36 |
| സർവ്വേയർ ഗ്രേഡ്-1 | - | 10 |
| സർവ്വേയർ ഗ്രേഡ്-2 | - | 31 |
| ഡ്രാഫ്റ്റ്സ്മാൻ | - | 23 |
| അറ്റൻഡർ | - | 8 |
| പ്യൂൺ | - | 62 |
| വില്ലേജ്മാൻ | - | 33 |
| ചെയിൻമാൻ | - | 80 |
| സ്വീപ്പർ | - | 7 |
| ആകെ | | 590 |

(സി) സാദ്ധ്യതയില്ല.

(ഡി) 664 ഒഴിവുകളുണ്ട്. ഇതിൽ പത്തനംതിട്ട ജില്ലയിൽ 11 എൽ.ഡി. ക്ലാർക്കുമാർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട്.

(ഇ) 151 പേർക്ക് നിയമനം നൽകാനുണ്ട്. ബാക്കി തസ്തികകളിലുള്ള നിയമനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധനയിലാണ്.

## റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേരിട്ടുള്ള നിയമനം

22 (1332) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഡെപ്യൂട്ടി കളക്ടർമാരെ നേരിട്ട് തെരഞ്ഞെടുക്കുന്നതിന് വേണ്ടി പി.എസ്.സി. നടത്തിയ എഴുത്തുപരീക്ഷയുടെ ഫല പ്രഖ്യാപനം നടന്നിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കുമോ ;

(ഡി) ആയത് സംബന്ധിച്ച് തുടർ നടപടികൾ എന്തൊക്കെയാണെന്ന് പറയാമോ ;

(ഇ) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ഒഴിവുകളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഫലപ്രഖ്യാപനം നടത്തിയിട്ടില്ല.

(ഡി&ഇ) ഡെപ്യൂട്ടി കളക്ടർമാരുടെ നേരിട്ടുള്ള നിയമനം നടത്തേണ്ട ഒഴിവുകളുടെ എണ്ണം സർക്കാർ തലത്തിൽ കൃത്യമായി കണക്കാക്കിയിട്ടില്ല. ഒഴിവുകളുടെ എണ്ണം പി.എസ്.സി.യെ അറിയിച്ചാൽ മാത്രമേ, ഫലപ്രഖ്യാപനവും തുടർ നടപടികളും സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**ഡെപ്യൂട്ടി കളക്ടർമാരുടേയും തഹസീൽദാർമാരുടേയും ഒഴിവുള്ള തസ്തികകൾ**

**23 (1333)** ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടേയും തഹസിൽദാർമാരുടേയും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ഐ.എ.എസ്. ലഭിച്ച എത്രപേരെ ഇപ്പോഴും ഡെപ്യൂട്ടി കളക്ടർമാരായി നിയമിച്ചിട്ടുണ്ട് ; ഇവർക്ക് പ്രൊമോഷൻ നൽകാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഡെപ്യൂട്ടി കളക്ടർമാർ - 29

തഹസിൽദാർ - 37

(ബി) ഡി.പി.സി. (ലോവർ) കൂടി തഹസിൽദാർ തസ്തികയിലേക്കും ഡി.പി.സി. (ഹയർ) കൂടി ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്കും സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രമോഷൻ നടത്തി പ്രസ്തുത ഒഴിവുകൾ ഉടൻ നികത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly